റീ സർവ്വേ അദാലത്തുകൾ

166 (1222) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ സർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ-സർവ്വേ അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികളിന്മേൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) റീ സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർ മാരാണ് പരിഹരിച്ചുവരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവ്വേ സബ് ഡിവിഷൻ സ്പെഷ്യൽ അംഗീകരിക്കുവാൻ താലൂക്കുകളിലെ റീ സർവ്വേ സൂപ്രണ്ടുമാർക്ക് കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മൂന്നു മാസം കൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കാര്യക്ഷമമാക്കി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ജില്ലാതല റവന്യൂ-സർവ്വേ അദാലത്തിൽ മേൽ വിഭാഗത്തിലുള്ള പാരാതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ ഉൾപ്പെടെ താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന പരാതികൾ അദാലത്ത് മുഖേന തീർപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly